**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 927** **26-07-2021 - ൽ മറുപടിയ്ക്ക്**

**പാട്ട കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 1970-ന് ശേഷം അട്ടപ്പാടിയിലെ വില്ലേജുകളിൽ എത്ര സ്ഥാപനങ്ങൾക്ക്/ട്രസ്റ്റുകൾക്ക് താലൂക്ക് ലാൻഡ് ബോർഡ് ഭൂപരിധിയിൽ ഇളവ് നൽകിയിട്ടുണ്ട്; ഏതെല്ലാം സ്ഥാപനങ്ങൾക്ക്/ ട്രസ്റ്റുകൾക്ക് ഏതെല്ലാം വില്ലേജുകളിൽ എത്ര ഏക്കർ ഭൂമിക്ക് ഇളവ് നൽകിയിട്ടുണ്ട്; അട്ടപ്പാടിയിൽ വിദ്യാധിരാജ ട്രസ്റ്റിന് എത്ര ഏക്കർ ഭൂമിക്ക് ഇളവ് നൽകിയിരുന്നു; | (എ) | 1970-ന് ശേഷം അട്ടപ്പാടിയിലെ വില്ലേജുകളിൽ സ്ഥാപനങ്ങൾക്ക്/ ട്രസ്റ്റ കൾക്ക് താലൂക്ക് ലാൻഡ് ബോർഡ് ഭൂപരിധിയിൽ ഇളവു നൽകിയിട്ടുണ്ടെങ്കിലും ഏതെല്ലാം സ്ഥാപനങ്ങൾക്ക്/ ട്രസ്റ്റുകൾക്കാണ് ഇളവ് നൽകിയിട്ടുള്ളത് ഏതെല്ലാം വില്ലേജുകളിൽ എത്ര ഏക്കർ ഭൂമിക്ക് ഇളവ് നൽകിയിട്ടുണ്ട് എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. അട്ടപ്പാടിയിലെ വിദ്യാധിരാജാ ട്രസ്റ്റിന് ഭൂമി ഇളവ് നൽകിയിട്ടുള്ളതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടില്ല. ടി വിവരങ്ങൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് കാര്യാലയത്തിലും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | ഹാരിസൺസ് കമ്പനി അടക്കമുള്ള കമ്പനികൾക്ക് തോട്ടംഭൂമി പാട്ടത്തിനാണോ നൽകിയിരിക്കുന്നത്; അവർക്ക് ഏക്കറിന് എത്ര രൂപക്കാണ് പാട്ടം നൽകിയത്; ഹാരിസൺസ് കമ്പനി നിലവിൽ വർഷത്തിൽ എത്ര രൂപ പാട്ടം അടക്കുന്നുണ്ട്; അവർ എത്ര രൂപ പാട്ട കുടിശ്ശിക അടക്കാനുണ്ട്; പാട്ടക്കുടിശ്ശിക അടക്കാനുള്ള സമാന രീതിയിലുള്ള മറ്റ് കമ്പനികൾ ഏതെല്ലമാണ്; ഓരോ കമ്പനിയും എത്ര രൂപവീതം പാട്ടക്കുടിശ്ശിക അടക്കാനുണ്ട്; | (ബി) | ഹാരിസൺസ് മലയാളം ലിമിറ്റഡുമായും അവരുടെ മുൻഗാമികളായ മലയാളം പ്ലാന്റേഷൻ (യു.കെ) എന്ന ബ്രിട്ടീഷ് കമ്പനിയുമായും സംസ്ഥാന സർക്കാർ പാട്ട ഉടമ്പടികളിൽ ഏർപ്പെട്ടിട്ടില്ല.<br><br>തൃശ്ശൂർ ജില്ലയിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 6418.66 ഏക്കർ മുപ്ലിവാലി എസ്റ്റേറ്റ് മാത്രമാണ് പാട്ടവസ്തുവായി ടി കമ്പനിയും അംഗീകരിക്കുന്നത്. മറ്റ് തോട്ടങ്ങളിൽ ഉടമസ്ഥതയുണ്ടെന്നാണ് കമ്പനിയുടെ വാദം. ടി വസ്തുവുമായി ബന്ധപ്പെട്ടും സംസ്ഥാന സർക്കാർ പാട്ട ഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല. തിരു-കൊച്ചി ദിവാൻ ബ്രിട്ടീഷുകാർക്ക് റബ്ബർ കൃഷിചെയ്യുന്നതിനായി 1911 കാലഘട്ടത്തിൽ ദീർഘകാലാടി സ്ഥാനത്തിൽ നിബന്ധനകളോടെ പാട്ടം നൽകിയ ഭൂമി പിൽക്കാലത്ത് പലതവണ കൈമാറ്റം ചെയ്ത് മലയാളം പ്ലാന്റേഷൻസ്(യു.കെ) യുടെയും തുടർന്ന് ഹാരിസൺ മലയാളം ലിമിറ്റഡിന്റെയും കൈവശത്തിലെത്തുകയാണുണ്ടായത്. പാട്ട വ്യവസ്ഥകൾ പ്രകാരം മറുപാട്ടം ചെയ്യാമായിരുന്നു വെങ്കിലും ഓരോ കൈമാറ്റവും സർക്കാരിനെ അറിയിക്കേണ്ടതും തുടർന്ന് പുതിയ പാട്ടക്കാരന്റെ |

പേരിൽ പാട്ട ഉടമ്പടി തയ്യാറാക്കി പാട്ടത്തുക സർക്കാരിൽ ഒടുക്കേണ്ടിയിരുന്നതുമാണ്. എന്നാൽ തിരു-കൊച്ചി ദിവാനുമായി പാട്ടത്തിൽ ഏർപ്പെട്ട ബ്രിട്ടീഷുകാർ തുടർന്ന് നടത്തിയ ഭൂമി കൈമാറ്റങ്ങളിൽ ഒരിടത്തും സർക്കാരിനെ അറിയിക്കുകയോ സർക്കാരുമായി പുതിയ പാട്ടക്കരാറിൽ ഏർപ്പെടുകയോ ചെയ്യാതെ സർക്കാരിനു മാത്രം ജന്മാവകാശമുള്ള 6418.66 ഏക്കർ ഭൂമി അന്യാധീനപ്പെടുത്തുകയാണു ണ്ടായത്. നിലവിൽ പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്ന ഹാരിസൺ മലയാളം ലിമിറ്റഡ് (HML) കമ്പനിയുമായോ അവരുടെ മുൻഗാമി കളായ മലയാളം പ്ലാന്റേഷൻസ് എന്ന ബ്രിട്ടീഷ് കമ്പനിയുമായോ തിരു-കൊച്ചി സർക്കാരോ സ്വാതന്ത്ര്യാനന്തരം കേരള സർക്കാരോ യാതൊരുവിധ പാട്ട ഉടമ്പടിയിലും ഏർപ്പെട്ടിട്ടില്ലാത്തതു മാകുന്നു. രാജഭരണ കാലത്തെ പാട്ടത്തുകയായ ഏക്കറിന് 2 രൂപ എന്ന നാമമാത്രമായ നിരക്കിലാണ് കമ്പനി വനം വകുപ്പിന് പാട്ടതുക നൽകിവരുന്നത്. പാട്ട വ്യവസ്ഥകൾ ലംഘിച്ച് ഭൂമി മറുപാട്ടം നൽകിയതിനെതുടർന്ന് കമ്പനിയുടെ കൈവശമുണ്ടായിരുന്ന തോട്ടത്തിൽ നിന്നും 4896.65 ഏക്കർ ഭൂമിയുടെ പാട്ടം റദ്ദ് ചെയ്തുകൊണ്ട് വനം വകുപ്പ് 07/02/2009-ൽ പുറപ്പെടുവിച്ച G.O (Ms.) 12/2009/F&WLD നമ്പർ ഉത്തരവിനെതിരെ ഹാരിസൺ മലയാളം ലിമിറ്റഡ് (HML) കമ്പനി ഇരിങ്ങാലക്കുട സബ് കോടതിയിൽ OS 141/2009 കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് തീർപ്പായിട്ടില്ല.

സ്വാതന്ത്ര്യത്തിന് മുൻപ് 19-ാം നൂറ്റാണ്ടിൽ തിരുവിതാംകൂർ, കൊച്ചി ഭരണാധികാരികളും തദ്ദേശീയരും വിദേശപൗരൻമാർക്കും കമ്പനികൾക്കും ദീർഘകാലാടിസ്ഥാനത്തിൽ കൃഷിചെയ്യു ന്നതിനായി പാട്ടമായും ഗ്രാന്റായും നൽകിയ ഭൂമി പാട്ടവ്യവസ്ഥകൾ ലംഘിച്ച് പലതവണ കൈമാറിയാണ് ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു വൻകിട കമ്പനികളും സംസ്ഥാനത്ത് ഭൂമി കൈവശം വച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്ന തിനായി നിയമിച്ച ഉന്നതാധികാര സമിതി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി ഹാരിസൺസ് കമ്പനിയും, അവരിൽ നിന്നും ഭൂമി നേടിയവരും കൂടി 76,769.80 ഏക്കർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ടി

| | | | |
|---|---|---|---|
| | | | കമ്പനികൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയോഗിച്ച സ്പെഷ്യൽ ഓഫീസർ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽ നിന്നും ഭൂമി നേടിയവരുമായ കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന 38171 ഏക്കർ തോട്ടഭൂമി ഏറ്റെടുക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ ടി കമ്പനികൾ ഫയൽ ചെയ്തWP(C) 33122/2014 &Others കേസുകളിലെ ബഹു. ഹൈക്കോടതിയുടെ വിധിയിൽ തർക്കഭൂമിയുടെ ഉടമസ്ഥത ഏകപക്ഷീയമായി നിർണ്ണയിക്കുന്ന തിനുള്ള അധികാരം സ്പെഷ്യൽ ഓഫീസർക്ക് ഇല്ലാ എന്നു നിരീക്ഷിച്ചുകൊണ്ട്, ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാമെന്നാണ് ബഹു.കോടതി ഉത്തരവായിരുന്നത്. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകൾ വിശദമായ വാദം കേൾക്കാതെ തന്നെ ബഹു. സുപ്രീംകോടതി തള്ളുകയുണ്ടായി<br><br>തുടർന്ന് ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 06/06/2019-ൽ സ.ഉ. (കൈ.) 172/2019/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻ പ്രകാരം വിവിധ ജില്ലകളിൽ സർക്കാരിനുവേണ്ടി ടൈറ്റിൽ കേസുകൾ ഫയൽ ചെയ്തു വരുന്നു.<br><br>പാട്ടക്കുടിശ്ശിക അടയ്ക്കുവാനുള്ള സമാന കമ്പനികൾ ഏതെല്ലാമാ ണെന്നും, ഓരോ കമ്പനി എത്ര രൂപ വീതം പാട്ടക്കുടിശ്ശിക അടയ്ക്കുവാനുണ്ടെ ന്നുമുള്ള വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | രാജഭരണകാലത്ത് പാട്ടത്തിന് നൽകിയ, 1947-ന് മുമ്പ് വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന തോട്ടം ഭൂമി ഏറ്റെടുക്കുന്നതിന് നിയമനിർമാണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; അതിൻെറ കരട് തയാറാക്കിയോ; അറിയിക്കാമോ ? | (സി) | നിയമ നിർമ്മാണം നടത്തുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ